അഴിമതി നിവാരണ നടപടികൾ.

* 289. [3] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963–64 സാമ്പത്തികവർഷത്തിൽ (ഡിസംബർ അവസാനം വരെ) എത്ര ഗസറ്റഡു് ഉദ്യോഗസ്ഥന്മാരുടെമേൽ അഴിമതി നിവാരണ നടപടികൾ കൈക്കൊള്ളുകയുണ്ടായി;

(ബി) തൽഫലമായി ശിക്ഷിക്കപ്പെട്ടിട്ടുള്ളവർ എത്ര;

(സി) അന്വേഷണം പൂർത്തിയായിട്ടില്ലാത്ത കേസ്സുകൾ എത്ര?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ആറു് ഗസറ്റഡു് ഉദ്യോഗസ്ഥന്മാരുടെപേരിൽ ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 244 ഗസറ്റഡു് ഉദ്യോഗസ്ഥന്മാക്കെതിരായി കിട്ടിയ പരാതികൾ അന്വേഷണത്തിനു് വിധേയമാക്കുകയും ചെയ്തു.

(ബി) 1963-64-ൽ ഡിസംബർ അവസാനംവരെ 10 ഗസറ്റഡു് ഉദ്യോഗസ്ഥന്മാക്ക ശിക്ഷകൾ നൽകിയിട്ടുണ്ടു്.

(സി) ക്രൈം കേസ്സുകൾ–1

മറ്റു പരാതികൾ–185

Mr. Speaker: Question No. 24 may also be answered.

അഴിമതി നിവാരണ നടപടികൾ

* 290. [24] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1960-നുശേഷം 1963 ഡിസംബർ അവസാനംവരെ അഴിമതിക്കുറ്റത്തിനു് എത്ര സർക്കാരുദ്യോഗസ്ഥന്മാർ അന്വേഷണ വിധേയരായിട്ടുണ്ടു്;

(ബി) ഇതിൽ ഗസറ്റഡു് എത്ര; നോൺ ഗസറ്റഡു് എത്ര;

(സി) ആകെ എത്ര കേസ്സുകൾ തീരുമാനമായി; എത്രയെണ്ണം തീരുമാനമാകാൻ ബാക്കിയുണ്ടു്;

(ഡി) എത്ര ഉദ്യോഗസ്ഥന്മാരെ ഈ കാലയളവിൽ ശിക്ഷിച്ചു; ഇതിൽ ജോലിയിൽ നിന്നു പിരിച്ചുവിട്ടവർ വല്ലവരുമുണ്ടെങ്കിൽ എത്ര; ആരൊക്കെ;

(ഈ) ഏതെങ്കിലും ഗവണ്മെൻറുദ്യോഗസ്ഥന്റെ പേരിൽ അഴിമതിക്കുറ്റത്തിനു ക്രിമിനൽ പ്രോസിക്യൂഷൻ നടപടി കൈക്കൊള്ളുകയുണ്ടായോ; ഉണ്ടെങ്കിൽ പേർ പറയാമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) വിദ്യാഭ്യാസവകുപ്പിലേയും റവന്യൂവകുപ്പിലേയും ടാക്സു് വിഭാഗത്തിലേയും വിവരങ്ങൾ കിട്ടിയിട്ടില്ല. മറ്റു ഡിപ്പാർമെൻറുകളിലായി 3432 പേർ അന്വേഷണ വിധേയരായിട്ടുണ്ടു്.

(ബി) ഗസറ്റഡു് ഉദ്യോഗസ്ഥന്മാർ 304

നോൺ ഗസറ്റഡു് ഉദ്യോഗസ്ഥന്മാർ 3128

LIBRARY ARCHIVES Kerala Legislative Assembly

(സി) 1962 എണ്ണം തീരുമാനിക്കുകയുണ്ടായി. ബാക്കിയുള്ളവ 1094

(ഡി) 1138 പേരെ ശിക്ഷിച്ചു. 90 പേരെ പിരിച്ചുവിട്ടു. പിരിച്ചു വിട്ടവരുടെ ലിസ്റ്റു അനുബന്ധമായി ചേർത്തിട്ടുണ്ടു്. †

(ഈ) പ്രോസിക്യൂഷൻ നടപടി കൈക്കൊണ്ടിട്ടുണ്ടു്. അങ്ങനെയുള്ളവരുടെ ഒരു ലിസ്റ്റു് അനുബന്ധമായി ചേർത്തിട്ടുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ: ഗസറ്റഡു് ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടികളെടുത്ത കൂട്ടത്തിൽ കൈലാസനാഥൻ എന്ന പോലീസു് ഉദ്യോഗസ്ഥന്റെ പേരും ഉൾപ്പെട്ടുമോ ? ഉൾപ്പെട്ടുമെങ്കിൽ ഇന്നു ആ കേസിന്റെ നില എന്താണു്? ശിക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തിൽ അതു് പെടുമോ ?

ശ്രീ. ആർ. ശങ്കർ : ശിക്ഷിക്കപ്പെട്ടവരുടെ പേരുവിവരം എന്റെ കൈവശമുണ്ടു്. ആകെ പത്തു പേരാണു് ഉള്ളതു്. അതു് ഞാൻ വായിക്കാം.

1. Shri R. Padmanabha Iyer,
   Engineer Member, Valuation Committee,
   Kerala Water Transport Corporation.
2. Dr. Keralavarma Thirumulpad,
   Medical Officer, Govt. Hospital,
   Chalakudy.
3. Dr. K. Unniram,
   Demonstrator, Medical College,
   Trivandrum.
4. Shri P. Achutha Menon,
   D. F. O. Retired.
5. Shri R. Velayudhan Nair,
   Circle Inspector of Police,
   Attingal.
6. Shri M. C. Joseph,
   Asst. Engineer.
7. Shri V. R. Narayanan Nair,
   Formerly Director of Public Relations.
8. Shri N. Sekhara Pillai,
   Formerly Dy. Director of public Relations.
9. Shri A. Achutha Menon,
   Superintendent.
   Office of the Dr. of Public Relations.
10. Shri P. George,
    Formerly B. D. O.
    Mallappilly.

ശ്രീ. ഈ പി. ഗോപാലൻ: ഒരു ഉദ്യോഗസ്ഥന്റെ പേരിൽ അഴിമതി ആരോപണമുണ്ടായാൽ ആ ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്യുന്നതിനു മുൻപെങ്കിലും നടപടിയെടുത്തു് ഒരു തീരുമാനമുണ്ടാക്കണമെന്നുണ്ടോ? അല്ലെങ്കിൽ എത്ര കാലമെങ്കിലും ആരോപണം വച്ചു് താമസിപ്പിച്ചു് നടപടി എടുക്കുന്നതിൽ വല്ല പ്രത്യേക ഉദ്ദേശവുമുണ്ടോ ?

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : അങ്ങനെ നടപടിയെടുക്കാൻ താമസമെന്നുമുണ്ടായിട്ടില്ല ഉദ്യോഗസ്ഥന്മാർ റിട്ടയർ ചെയ്യുന്നതു് അവർക്കു് അതിനുള്ള പ്രായം തികയുമ്പോഴാണു്. കേസു് അന്വേഷണത്തിലിരിക്കുന്നതുകൊണ്ടു് പ്രായം തികയാതെ വരികയില്ല. പ്രായം തികയുമ്പോൾ അവർ റിട്ടയർ ചെയ്യും.

ശ്രീ. എം. നാരായണക്കുറുപ്പു്: ഗവണ്മെന്റു പ്രസ്സു് സുപ്രണ്ടു് സ്വാമിനാഥന്റെ പോരായ്മയുള്ള വല്ല കേസും അന്വേഷണത്തിലുണ്ടോ ? ഉണ്ടെങ്കിൽ അതു് അരംഭിച്ചതു് എന്നാണു് ? ഇന്നു അതു് ഏതു നിലയിലിരിക്കുന്നു ?

ശ്രീ. ആർ. ശങ്കർ അതു് പ്രത്യേകം ചോദ്യമായി ചോദിച്ചാലേ പറയുവാൻ നിവൃത്തിയുള്ളൂ.

ശ്രീ. സി. എച്ച് മാത്യു: മുന്നൂറോളം ഗസറ്റഡു് ഉദ്യോഗസ്ഥന്മാരുടെ പേരിൽ ഈ വർഷം അഴിമതി ആരോപണങ്ങളുന്നയിച്ചുകൊണ്ടു് പരാതികളും കിട്ടുകയുണ്ടായി എന്നു പറഞ്ഞു. അതിൽ ആറെണ്ണം അന്വേഷണത്തിനു വിധേയമായി എന്നു പറഞ്ഞു. വളരെയധികം ആരോപണങ്ങളും അനാവശ്യമായി ഉണ്ടാകുന്നു എന്നാണോ ഇതിൽ നിന്നും മനസ്സിലാക്കേണ്ടതു്? അങ്ങനെയാണെങ്കിൽ ഇങ്ങനെ അനാവശ്യമായി വെറുതെ ആരോപണങ്ങളും ഉന്നയിക്കുന്നവരുടെ പേരിൽ എന്തെങ്കിലും നടപടി നടത്തുന്നതിനു് ഗവണ്മെന്റു് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ: വരുന്ന പരാതികളിൽ അധികഭാഗവും ഒന്നുകിൽ കള്ളപ്പേർ വച്ചുള്ളതോ അല്ലെങ്കിൽ പേരില്ലാത്തതോ ആണു്. അങ്ങനെയാണെങ്കിലും ചിലപ്പോൾ വസ്തുതകളും ശരിയായിരിക്കുമെന്നു അനുഭവപ്പെട്ടിട്ടുള്ളതുകൊണ്ടു് വായിച്ചുനോക്കിയാൽ എന്തോ വിവരങ്ങൾ അറിഞ്ഞുകൊണ്ടു എഴുതിയതെന്നു് തോന്നുന്ന കേസ്സുകളിൽ പ്രാരംഭാന്വേഷണങ്ങൾ നടത്താറുണ്ടു്, പ്രാരംഭാന്വേഷണത്തിൽ പ്രൈമാഫസിയായി കേസ്സുണ്ടെന്നു കണ്ടാൽ എക്സ്ട്രാഓർഡിനറി കേസ്സു് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തും. അനാവശ്യമായ കാലതാമസത്തിനു ഇടയാക്കാതെ എല്ലാ കേസുകളും അന്വേഷണം നടത്തും. വായിച്ചുനോക്കിയാൽ കൃത്രിമമല്ലാത്തതാണെന്നു സാമാന്യ ബുദ്ധിയുള്ളവർക്കു് മനസ്സിലാക്കാൻ കഴിയുന്ന പരാതികളെപ്പറ്റി അന്വേഷണം നടത്തും. ഉത്തരവാദിത്വമുള്ള ആരെങ്കിലും അതിൽ ഒപ്പു് ഇട്ടിരിക്കുന്നു എന്നു കണ്ടാൽ അതേപ്പറ്റി ഉടൻതന്നെ അന്വേഷണം നടത്തുന്നതാണു്.

ശ്രീ. എം. എം. മത്തായി : പോലീസു് ഉദ്യോഗസ്ഥന്മാരുടെ അന്വേഷണം കഴിഞ്ഞതിനുശേഷം ആൻറികറപ്ഷൻ ഡൈബ്യൂണൽ വിചാരണ ചെയ്യുന്ന കേസുകളും രണ്ടും മൂന്നും കൊല്ലമായാലും ഒരു തീരുമാനമാകാതെ കിടക്കുന്നുണ്ടു്. ആ കാലമത്രയും ഉദ്യോഗസ്ഥന്മാരെ സസ്പെൻഷനിൽ നിറുത്തുകയാണു് ചെയ്യുന്നതു്. ട്രൈബ്യൂണലിനു് വളരെയധികം കേസ്സുകളുള്ളതുകൊണ്ടു് ഒന്നും രണ്ടും കൊല്ലമായാലും ഒരു തീരുമാനമുണ്ടാക്കാൻ കഴിയുന്നില്ല. അതുകൊണ്ടു് ഇതിനെന്തെങ്കിലും ഒരു പരിഹാരമുണ്ടാക്കാൻ ഗവണ്മെന്റു ശ്രമിക്കുമോ?

ശ്രീ. ആർ. ശങ്കർ.: നിർഭാഗ്യവശാൽ ചില കേസ്സുകളും അങ്ങനെ കാലതാമസം വന്നിട്ടുണ്ടെന്നു കാണുന്നു. ഇനി അങ്ങനെ കാലതാമസം വരാതിരിക്കുവാൻ വേണ്ട നടപടികളെടുക്കാം. ഇപ്പോഴത്തെ ഉദ്യോഗസ്ഥന്റെ മുമ്പിൽ കേസ്സു് കൂടുതലാണെന്നു് കാണുകയും അദ്ദേഹത്തിനു് ചുരുങ്ങിയകാലംകൊണ്ടു കേസ്സു് തീർക്കുവാൻ സാധിക്കുകയില്ലെന്നു് ബോദ്ധ്യപ്പെടുകയും ചെയ്താൽ ഒരാളെക്കൂടി നിയമിക്കുന്നതിനും ഗവണ്മെൻറിനു് വിരോധമില്ല.

ശ്രീ പി. ഗോപാലൻ: ആകെ 12 പേരുടെപേരിൽ ക്രിമിനൽ പ്രോസിക്യൂഷൻ നടത്തിയെന്നു പറഞ്ഞു അതിൽ ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ ; അതിൽ പോലീസുദ്യോഗസ്ഥന്മാർ ആരെങ്കിലുമുണ്ടോ ?

ശ്രീ. ആർ. ശങ്കർ: പോലീസുദ്യോഗസ്ഥന്മാർ ആരെങ്കിലുമുണ്ടോ എന്നുള്ള കാര്യം പ്രത്യേകം ഒരു ചോദ്യമായി ചോദിച്ചാലേ പറയുവാൻ നിവൃത്തിയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ് : ഇങ്ങനെ ഒരു പരാതി കിട്ടിയാൽ പ്രഥമദൃഷ്ട്യാ അതിൽ കേസുണ്ടോ ഇല്ലയോ എന്നു തീരുമാനിക്കുന്ന ഉദ്യോഗസ്ഥൻ ആരാണ് ; അതു് ഏതു് ലവലിലുള്ള ഉദ്യോഗസ്ഥനാണെന്നു പറയുവാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : ഡിസ്ട്രിക്ട് സൂപ്രണ്ട് ആഫ് പോലീസാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഇങ്ങനെ ആരെങ്കിലും മേൽവിലാസമില്ലാതെയും കള്ളപ്പേർ വച്ചും ഉദ്യോഗസ്ഥന്മാരെപ്പറ്റി പെറ്റീഷൻ അയയ്ക്കാറുണ്ടെന്നു് ചീഫ് മിനിസ്റ്റർ പറഞ്ഞു. ഉടമസ്ഥരില്ലാതെ വരുന്ന പെറ്റീഷൻ അങ്ങു് തള്ളിക്കളയുന്നതല്ലേ ഉദ്യോഗസ്ഥന്മാരുടെ രക്ഷക്കും കാര്യനിർവ്വഹണത്തിനും നല്ലതു്?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ഇത്തരം കേസുകളൊക്കെ നിയമവിധേയമാക്കാതെ വിട്ടുന്നതു് അഴിമതി നിരോധനത്തിനു് സഹായകമാകുകയില്ലെന്നതോന്നുന്നു. എന്തുകൊണ്ടെന്നാൽ പേരില്ലാതേയോ കള്ളപ്പേർ വച്ചോ പെറ്റീഷൻ അയക്കുന്നതു് എല്ലാ വിവരങ്ങളും അറിയാവുന്ന അടുത്തിരിക്കുന്ന ഉദ്യോഗസ്ഥനായിരിക്കും. പേരു് വയ്ക്കുന്നതിനുള്ള മടികൊണ്ടാണു് ഇങ്ങനെ ചെയ്യുന്നതു്. ആ മാതിരിയുള്ള കേസ്സുകളിലായിരിക്കും കൂടുതൽ വിവരങ്ങളും ലഭിക്കുന്നതു്. അതുകൊണ്ടു ഇത്തരം കേസ്സുകളും ഉപേക്ഷിക്കുന്നതു് ശരിയായിരിക്കുകയില്ല.

ശ്രീ. ടി.സി. നാരായണൻ നമ്പ്യാർ: ഈ നിയമസഭയിലെ പേരുവച്ചിട്ടുള്ള ഒരു ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രതിയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു് ഒരു സബ് ഇൻസ്പെക്ടരെ സസ്പെൻഡു് ചെയ്കയും ഹൈക്കോടതിയിൽ റിട്ടു് കൊടുത്തു് ആ സസ്പെൻഷൻ ക്യാൻസൽ ചെയ്കയും ചെയ്തിട്ടുള്ള വിധിനിർണ്ണയത്തിൽ ബഹുമാനപ്പെട്ട മന്ത്രിയേയും ആ എം. എൽ. എ. യേയും പരാമർശിച്ചിട്ടുള്ളതു് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ : ഇല്ല.

Memorandum from the State Nurses' Association.

* 290 A. [4] **Shri Parayil Shamsudeen**: Will the Minister for Public Health be pleased to state:

(a) whether the Government have received any Memorandum from the State Nurses Association regarding their grievances;

and

(b) if so, what action has been taken?

Minister for Public Health [**Shri M. P. Govindan Nair**):

(a) A Memorandum has been received from the General Secretary, Kerala Government Nurses' Association.

(b) It is being examined.

ശ്രീ. പാറയിൽ ഷംസുദീൻ : ഇതിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളും പരിഹരിക്കുന്നതിനു് എത്ര കാലതാമസം വേണ്ടിവരുമെന്നു് പറയാമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇതിനെപ്പറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : അതിൽ ഉന്നയിച്ചിട്ടുള്ള ഡിമാന്റ് എന്താണെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly